1. *നഗരവും നാട്ടിൻപുറവും തമ്മിലുള്ള വ്യത്യാസം?*
ഭ്രാന്തുപിടിച്ച നഗരങ്ങളിൽനിന്നും ബഹുദൂരം അകന്ന്, ശാന്തിയും സമാധാനവും നിറഞ്ഞതാണ് നാട്ടിൻപുറം.

2. *കൊച്ചുവീട്ടിൽ കാണുന്ന ദൃശ്യം സ്വന്തം വാക്യത്തിൽ വർണ്ണിക്കുക.*
കൊച്ചുവീടിന്റെ കോലായിൽ കത്തുന്ന നിലവിളക്ക്. അതിന്റെ മുന്നിൽ ഒരു പട്ടാളക്കാരൻ. അയാൾക്കു ചോറു വിളമ്പിക്കൊടുക്കുന്ന ഒരു വൃദ്ധയും.

3. *ആൺമക്കളില്ലാത്തതിനെപ്പറ്റി വൃദ്ധ പറഞ്ഞതെന്ത്?*
ഒരു നരന്തിനെ ദൈവം തന്നു. അതിനെ കൊണ്ടുപോവുകയും ചെയ്തു. ഇപ്പോഴുണ്ടായിരുന്നെങ്കിൽ ഇരുപത്തിമൂന്നു വയസ്സുണ്ടായേനെ.

4. *ഒരമ്മയെക്കിട്ടിയപ്പോൾ അയാളുടെ ജീവിതത്തിനുണ്ടായ മാറ്റമെന്ത്?*
ജീവിതത്തിലാദ്യമായി അയാൾ വയറുനിറച്ചുണ്ടു. സമാധാനമായി ഹൃദയം തുടിച്ചു. അയാൾക്ക് ഒരമ്മയെ കിട്ടി.

5. *ഈ കഥയിൽ യുദ്ധരംഗവും വെടിയൊച്ചകളുമൊന്നുമില്ല. എന്നാൽ യുദ്ധത്തിന്റെ ദുരന്തവും അതു വരുത്തുന്ന അനാഥത്വവും ഒരു വിലാപംപോലെ നിറഞ്ഞുനിൽക്കുന്ന പട്ടാളക്കാരന്റെയും നാണിയുടെയും ജീവിതദുരന്തത്തെ ആസ്പദമാക്കി ചിന്തിക്കുക.*
പട്ടാളക്കാരൻ നാണിയെ വിവാഹം ചെയ്തു. പക്ഷേ, അയാൾക്ക് ഉടനെതന്നെ ക്യാമ്പിലേക്കു പോകേണ്ടിവരുന്നു. വിധിയുണ്ടെങ്കിൽ കാണാം എന്നു പറയുന്നിടത്ത് അയാൾ അപകടത്തിലേക്കുള്ള യാത്രയിലാണെന്നു നിരൂപിക്കാം. നേരം വെളുക്കുംമുമ്പേ അയാൾ നടന്നകന്നു. അവൾ അയാൾക്കായി കാത്തിരുന്നു. ഒരുദിവസം പോസ്റ്റുമാൻ ഒരു വലിയ കവർ അവൾക്കു കൊടുത്തു. അത് പട്ടാളക്കാരന്റെ ഫോട്ടോ ആയിരുന്നു. ഒരു ദിവസം പോലീസ് സ്റ്റേഷ

നിൽനിന്നും മൂന്നു വലിയ പെട്ടികൾ ഏറ്റുവാങ്ങാനുള്ള അറിയിപ്പുകിട്ടി. അതു നിറയെ ഉയർന്നതരം പട്ടാള ഉദ്യോഗസ്ഥന്റെ ഉടുപ്പുകളായിരുന്നു. ഒരു പെട്ടിയിൽ അവൾ അയാളുടെ കഴുത്തിലിട്ട കരിഞ്ഞുണങ്ങിയ വിവാഹമാല്യം ഉണ്ടായിരുന്നു. ഒരാഴ്ചയ്ക്കു ശേഷം പതിനായിരം രൂപയുടെ ചെക്ക് അവൾക്കു ലഭിച്ചു. പിന്നീട് പ്രതിമാസമുള്ള മണിയോർഡറുകളുമില്ല. ഒരു യുദ്ധത്തിൽ ആ പട്ടാളക്കാരൻ കൊല്ലപ്പെട്ടു. സഹോദരനെയും അച്ഛനെയും നഷ്ടപ്പെട്ട അവൾ ഭർത്താവിന്റെ വേർപാടിലൂടെ തികച്ചും അനാഥയായി. പട്ടാളക്കാരന്റെ അനാഥത്വവും പിന്നീട് വിവാഹബന്ധം വേർപിരിയലും ഒരു യുദ്ധത്തിന്റെ കരിനിഴലിലാണ് നടക്കുന്നത്. യുദ്ധത്തിന്റെ ദുരന്തവും അതുവരുത്തുന്ന അനാഥത്വവുമാണ് ഈ രണ്ടാളിന്റെയും ജീവിതദുരന്തത്തിനു കാരണം.

6. *അനാഥത്വം ഒരു പൊട്ടാവള്ളി കൊണ്ടുള്ള ബന്ധനമെന്നപോലെ പട്ടാളക്കാരനൊപ്പമുണ്ട്—നിരൂപിച്ചെഴുതുക.*

പട്ടാളക്കാരൻ അനാഥനാണ്. അയാൾക്ക് ഒരമ്മയുടെ വാത്സല്യമോ ബന്ധുവിന്റെ സഹായമോ ലഭിച്ചിട്ടില്ല. തനിക്കു നാടും വീടുമില്ലെന്ന് അയാൾ പറയുമ്പോൾ പൊട്ടിക്കരഞ്ഞുപോകുന്നു. എന്നാൽ നാണിയെ വിവാഹം ചെയ്യുന്നതോടെ അയാൾക്ക് ഒരമ്മയെക്കൂടി കിട്ടുന്നു. എന്നാൽ ആ ബന്ധത്തിന്റെ സുഖം ഏറെ അനുഭവിക്കാനാകാതെ യുദ്ധത്തിന്റെ കരിനിഴലിൽ അയാൾ ഒരു അനാഥനെപ്പോലെതന്നെ മറഞ്ഞുപോയി. അനാഥത്വം ഒരു പൊട്ടാവള്ളി കൊണ്ടുള്ള ബന്ധനമെന്നപോലെ പട്ടാളക്കാരനൊപ്പമുണ്ട്.

## [redacted]ദം പര്യായപദം

ബന്ധു – മിത്രം, ജ്ഞാതി

ആസ്യം – മുഖം, വദനം

നഗരം – പട്ടണം, പുരം

അമ്പലം – ക്ഷേത്രം, ദേവാലയം

ചോറ് – അന്നം, ഓദനം

കഴുത്ത് – കണ്ഠം, ഗളം